# ഏകാകികളുടെ ഗീതം...

തീപിടിച്ച ഹൃദന്തത്തിൽ നിന്നൊരു
തേൻ കിനാവുകൾ പതർക്കെ പറക്കുന്നു
തോർന്നുപോകാ പ്രതീക്ഷകൾക്കുത്തര-
-ത്തിൽപ്പുർ നൽകി തനിച്ചിരിക്കുന്നു ഞാൻ

ലിപികളന്യമാം സ്നേഹശാസ്ത്രത്തിന്റെ
വിപിനവേനലിൽ വീണ്ടും വിമൂകമായ്
കർപ്പിതമാകാത്ത ഓർമ്മപ്പെരുക്കത്തിൽ
കപിലവസ്തുവിൽ ബുദ്ധൻ പിറക്കുന്നു

പാതിമാഞ്ഞും, പതിഞ്ഞും, പടിഞ്ഞാറ്റിൽ
പോണസൂര്യന്റെ സാധകം നീളവേ
പാൽപോലെ പതഞ്ഞ കടൽത്തിര
പാഴിലാകാതെ കരയോടടുക്കുന്നു

നേരുകണ്ടവരാരുണ്ടു ഭൂമിയിൽ
നെയ്ത്തലാമ്പലിൽ ചോദ്യം മുഴങ്ങുമ്പോൾ
നോവുതിന്നൊരാൾ ബോധിത്തണലത്ത്
നാവുനീർ വറ്റി വാസ്തവം പാടുന്നു.

കദന ജാതക കാർമുകിൽ തുള്ളിയാൽ
കവിത കോറുന്ന കാലം കറുക്കവേ
കഠിനമാകും ഉപാസന കണ്ണിലെ
കണിമഴത്തുള്ളി മണ്ണിനെ പുൽകുന്നു:

ഓട്ടുകിണ്ണം കണക്കെയൊരമ്പിളി
ഓടിവന്നൊരീ ആകാശത്തിണ്ണയിൽ
ഒന്നുമവസാനമല്ലെന്ന സത്യത്തിൽ
ഒറ്റ നോട്ട് തിരിത്തുമ്പ് നീട്ടുന്നു...!